സംഭരണവിലയ്ക്ക് സംഭരിച്ചു. കർഷകർക്ക് സംഭരണവിലയുടെ ആനുകൂല്യം നേരിട്ട് ലഭിക്കുന്നതിന് പച്ചത്തേങ്ങാസംഭരണം ആരംഭിച്ചു. പുതിയ ഇറക്കുമതി നയം മൂലമുണ്ടായ വിലത്തകർച്ചയെ നേരിടുന്നതിനായി, ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങളുടെ ഇറക്കുമതിത്തീരുവ 300% വരെ ഉയർത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇളനീർ വില്പന വ്യാപകമാക്കുന്നതിന് ശ്രമിച്ചുവരുന്നു. സർക്കാർതലത്തിൽ സ്വീകരിച്ച നടപടികളുടെ ഫലമായി കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തി വരുന്നതേയുള്ളൂ.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്

3 (*66) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവുമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്ന ദയനീയമായ സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റബ്ബർ, നാളികേരം, ഏലം, കുരുമുളക്, അടയ്ക്കാ, തേയില, കാപ്പി തുടങ്ങി ഓരോ കാർഷികോൽപ്പന്നത്തിന്റെയും വിലയിടിവ് നേരിടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ആഭ്യന്തര വിപണിയിലും, അന്താരാഷ്ട്ര വിപണിയിലും, ഓരോ കാർഷികോൽപ്പന്നത്തിനും കഴിഞ്ഞ ആറുമാസത്തെ വിലനിലവാരം എന്താണെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ)&(ബി) ഉണ്ട്. റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് കമ്പോള വിലയേക്കാൾ കിലോഗ്രാമിന് 50 പൈസ അധികം നൽകി സംഭരിക്കുന്ന സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവിനത്തിൽ 50 പൈസ നൽകുന്നു. റബ്ബറും ലാറ്റക്സും കയറ്റുമതി ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കും. എസ്.റ്റി.സി. വാങ്ങുന്ന റബ്ബറിന് പർച്ചേസ് ടാക്സിൽ ഇളവ് അനുവദിച്ചു. കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവിലയ്ക്ക് കൊപ്രാ സംഭരണം നടത്തുന്നു. യഥാർത്ഥ കർഷകന് പ്രയോജനം ലഭിക്കുന്നതിനായി തേങ്ങാസംഭരണം തുടങ്ങിവെച്ചു. തേയില, കാപ്പി, എന്നിവയ്ക്ക് താങ്ങുവില പ്രഖ്യാപിച്ച് സംഭരണം നടത്തണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തെ ദോഷമായി ബാധിക്കുന്ന എല്ലാ ഇറക്കുമതികളും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിച്ചുങ്കം 300% ആയി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വിലനിലവാരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

---

†അനുബന്ധം I
1189/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : ഇവിടെ ബഹു. മന്ത്രി 62-ാമത്തെ ചോദ്യത്തിന് 'സി' യ്ക്കും 'ഡി' യ്ക്കും, ക്ലബ്ബ് ചെയ്താണ് മറുപടി പറഞ്ഞിരിക്കുന്നത്. രണ്ടു ചോദ്യങ്ങൾക്ക് രണ്ടായിട്ടാണ് മറുപടി തരേണ്ടത്. ഞങ്ങൾ നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി കിട്ടണം. ഇവിടെ ചോദിച്ചിരിക്കുന്നത് കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ്. ഞാൻ എന്റെ ആദ്യത്തെ ചോദ്യമായിട്ടുതന്നെ ചോദിക്കാം. ഇവിടെ മന്ത്രി പറഞ്ഞിരിക്കുന്നത് റബ്ബർ വിലയിലുണ്ടായ ഇടിവ് പരിഹരിക്കുന്നതിന് കമ്പോള വിലയേക്കാൾ 50 പൈസ അധികം നൽകി ഏജൻസികളെക്കൊണ്ട് സംഭരണം നടത്തുകയും കയറ്റുമതി ചെയ്യിക്കുകയും ചെയ്തു എന്നാണ്. ഏതെല്ലാം ഏജൻസികളെക്കൊണ്ടാണ് ഗവണ്മെന്റ് അങ്ങനെ ചെയ്തത്; എത്ര ടൺ റബ്ബർ അങ്ങനെ കയറ്റുമതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? ആ ആൻസറിൽത്തന്നെ പറഞ്ഞിരിക്കുന്നു കൊപ്ര കേന്ദ്രം പ്രഖ്യാപിച്ച സംഭരണ വിലയ്ക്ക് സംഭരിച്ചു എന്ന്. എത്ര കൊപ്ര സംഭരിക്കാൻ കഴിഞ്ഞു? അതുപോലെ നെല്ലിന് താങ്ങുവില കൊടുത്തു സംഭരിച്ചു എന്നു പറഞ്ഞു. എത്ര നെല്ല് സംഭരിച്ചു? ഞാൻ സ്റ്റാർഡ് ചോദ്യത്തിൽ ചോദിച്ചതാണ്. അതിനുള്ള മറുപടി മന്ത്രി നൽകിയിട്ടില്ല. എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നാണ് ചോദിച്ചത്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അദ്ദേഹത്തിന്റെ മനസ്സിൽ ഒത്തിരി ചോദ്യങ്ങളുണ്ട്. അങ്ങ് ഞങ്ങൾക്കു തന്ന ചോദ്യത്തിന്റെ പകർപ്പിനുള്ള ഉത്തരമാണ് ഇവിടെ വച്ചത്. അദ്ദേഹത്തിന്റെ മനസ്സിലുള്ള മുഴുവൻ ചോദ്യവും അറിയില്ല. അങ്ങയുടെ ഓഫീസിൽ നിന്ന് കിട്ടിയ ചോദ്യത്തിനുള്ള ഉത്തരമാണിത്. ചോദ്യം '(സി) കാർഷികോൽപന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? (ഡി) ഇതിന്റെ ഫലമായി കാർഷിക മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?' ചോദ്യം വളരെ ക്ലിയറാണ്. അതിന്റെ ഉത്തരം വളരെ കൃത്യമായിട്ടുണ്ട്. ഇനി അദ്ദേഹം ചോദിച്ച ധാരാളം ചോദ്യങ്ങളുണ്ട്. അതിൽ ഏതു ചോദ്യത്തിനാണ് മറുപടി പറയേണ്ടതെന്ന് അങ്ങ് പറഞ്ഞാൽ മതി.

ശ്രീ. ടി.എം.ജേക്കബ് : സർ, മന്ത്രി തന്ന മെയിൻ ആൻസറിന്റെ സപ്ലിമെന്ററിയാണ് ചോദിച്ചത്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അദ്ദേഹം ആദ്യം ചോദിച്ച ചോദ്യത്തിന് ഞാൻ മറുപടി പറയാം. റബ്ബർ സംഭരിക്കാനായി റബ്കോ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. റബ്ബർ വിദേശത്തേയ്ക്കു കയറ്റി അയയ്ക്കാൻ ചുമതലപ്പെടുത്തിയത് റബ്കോവിനെയാണ്. 15,000 മെട്രിക് ടൺ റബ്ബർ (ആർ.എസ്.എസ്-4) കയറ്റി അയയ്ക്കാനാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനകം തന്നെ 6,000 മെട്രിക് ടൺ റബ്ബർ കയറ്റി അയച്ചുകഴിഞ്ഞു. അവശേഷിക്കുന്ന 9,000 ടൺ റബ്ബർ കയറ്റി അയയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങ് വഴിയാണ് ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നത്. ഞങ്ങൾ 12 ദിവസം നോട്ടീസ് നൽകി ചോദിക്കുന്ന ഒരു ചോദ്യമാണ്. സ്റ്റാർഡ് ആയിട്ട് നറുക്കിട്ട് കിട്ടുന്നതാണ്. അതിനു കിട്ടേണ്ട ആൻസറിനെ സംബന്ധിച്ച് ഞങ്ങൾക്ക് ഒരു പ്രൊട്ടക്ഷൻ അങ്ങ് നൽകണം. അങ്ങയോടാണ് അപേക്ഷിക്കാനുള്ളത്.

മി. സ്പീക്കർ : ചോദ്യം എടുക്കാൻ ഞാൻ പറഞ്ഞിട്ടുണ്ട്. അത് പരിശോധിച്ച് പറയാം.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ രണ്ടാമത്തെ ചോദ്യമായി ചോദിച്ചതിന് നൽകിയിരിക്കുന്ന മറുപടി സർക്കാർതലത്തിൽ സ്വീകരിച്ച നടപടികളുടെ ഫലമായി കാർഷികമേഖലയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തി വരുന്നതേയുള്ളു എന്നാണ്. ഈ മന്ത്രിസഭയുടെ കാലാവധിക്കുള്ളിൽ വിലയിരുത്തൽ പൂർത്തിയാകുമോ; ഈ വിലയിരുത്തൽ നടത്തുന്ന കൂട്ടത്തിൽ കാർഷികോല്പന്നങ്ങൾക്ക് വിലയിടിവുണ്ടായ സാഹചര്യത്തിൽ കൃഷിക്കാർ (.....ബഹളം) അപ്പുറത്തുള്ളവർ 'ഓ.....' എന്നു വയ്ക്കുന്നത് എന്തിനാ, എന്താ സഹിക്കുന്നില്ലേ, ഈ 'ഓ.....'എന്നാൽ എന്താ?

മി. സ്പീക്കർ : പ്ലീസ്.....

ശ്രീ. ടി.എം. ജേക്കബ് : എന്താ 'ഓ.....' എന്നു വയ്ക്കുന്നത്? ഞങ്ങൾ കൃഷിക്കാരുടെ പ്രശ്നമല്ലേ ചോദിക്കുന്നത്? 'ഓ.....' എന്നൊന്നും വയ്ക്കേണ്ട. ചോദ്യം ചോദിച്ചാൽ മറുപടി പറയേണ്ടേ? സർ, ഞാൻ എന്റെ ചോദ്യം ഒന്നു പൂർത്തിയാക്കിക്കോട്ടേ. ഞാൻ ചോദിച്ചത് ഈ ഗവണ്മെന്റിന്റെ കാലാവധിക്കുള്ളിൽ ഈ നടപടികളെ സംബന്ധിച്ച് വിലയിരുത്തൽ ഉണ്ടാകുമോ എന്നാണ്. ഇന്ന് കാർഷികോല്പന്നങ്ങൾക്ക് വിലയിടിവുണ്ടായിരിക്കുന്ന സാഹചര്യത്തിൽ കൃഷിക്കാർ എടുത്തിരിക്കുന്ന വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അങ്ങനെയെങ്കിൽ ആൻസറും ബഹു. ജേക്കബ്ബ് തന്നെ പറയട്ടേ, സർ. കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ ഇറക്കുമതിനയം തുടരുന്നിടത്തോളംകാലം നമ്മുടെ കാർഷികോൽപന്നങ്ങളുടെ വിലനിലവാരത്തിൽ ഇടിവുണ്ടായിക്കൊണ്ടിരിക്കും. ആ ഇടിവ് തുടരും. അതുകൊണ്ട് നമുക്ക് കൃത്യമായി കാർഷികോൽപന്നങ്ങളുടെ വിലയുടെ കാര്യത്തെ സംബന്ധിച്ച് ഒരു റിപ്പോർട്ടുതന്നെ തയ്യാറാക്കണമെങ്കിൽ അതിന് സമയം വേണം. അതിന്റെ വിലയിലുള്ള വ്യത്യാസം ഇങ്ങനെ തുടർന്നുകൊണ്ടിരിക്കും. കൃത്യമായി പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ സമയം വേണ്ടി വരും.

മി. സ്പീക്കർ : കാർഷികവായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമോ എന്നാണ് ചോദിച്ചത്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അത് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട ഒരു കാര്യമാണ്. ഒറ്റ വാക്കിൽ മറുപടി പറയാൻ പറ്റുന്ന കാര്യമല്ല അത്. ഇതിൽ സ്വകാര്യ ബാങ്കുകളുണ്ട്. ദേശസാൽകൃതബാങ്കുകളുണ്ട്, സഹകരണബാങ്കുകളുണ്ട്. ഇവരുമൊക്കെയായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ട പ്രശ്നമാണ്.

ശ്രീ. സി.എഫ്. തോമസ് : സർ, വിവിധ കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം റബ്ബർ, നാളികേരം, ഏലം, കൊക്കോ, വിവിധയിനം കുരുമുളക് തുടങ്ങി എല്ലാ കാർഷികോല്പന്നങ്ങളുടേയും വിലയിടിവ് പരിശോധിച്ചാൽ ഔദ്യോഗിക കണക്കുകളെ ആശ്രയിച്ച് നോക്കിയാൽ വെളിപ്പെടുത്തുന്നത്- ഒരു വർഷം ആറായിരത്തോളം കോടി രൂപയുടെ നഷ്ടം സംസ്ഥാനത്തിന് ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ഇത്രയും ഗുരുതരമായ ഒരു പ്രതിസന്ധിയെ നേരിടുവാനായി, ഈ നഷ്ടം ഒഴിവാക്കുവാനായി, ഈ വിലയിടിവ് തടയാനായി, സംസ്ഥാന ഗവണ്മെന്റ് എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കാർഷികോല്പന്നങ്ങളുടെ വില യിടിവിനെ സംബന്ധിച്ചിടത്തോളം, റബ്ബറായാലും, അത് സംഭരിച്ച് സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് വരുന്നുണ്ട്. അതുപോലെ കേന്ദ്ര ഗവണ്മെന്റ് രണ്ടായിരം-സീസണിൽ പ്രഖ്യാപിച്ച കൊപ്ര യുടെ മിനിമം സപ്പോർട്ട് പ്രൈസിന് 73,000 മെട്രിക് ടൺ കൊപ്ര നാഫെഡ് വഴി ശേഖരിച്ച് ഇവിടെ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുണ്ട്. ഇനി നമുക്ക് ഈ രംഗത്ത് ചെയ്യാൻ കഴിയുന്നത് വൈവിദ്ധ്യവല്ക്കരണ പ്രവർത്തനമാണ്. അതിൽ പ്രധാനമായും നാളികേരത്തിന്റെ വൈവിദ്ധ്യവൽക്കരണത്തിനു വേണ്ടി കേരഫെഡ് വളരെ വിപുലമായിട്ടുള്ള ഒരു പരിപാടിക്ക് രൂപം നൽകി യിട്ടുണ്ട്. അത് പൂർത്തീകരിച്ചുവരികയാണ്. ഈ നടപടികളൊക്കെ സ്വീകരി ക്കുമ്പോഴേക്കും ഇൻഡ്യാ-അമേരിക്കൻ കരാർ അനുസരിച്ച് 700-ൽ അധികം ഉല്പന്നങ്ങൾ വരുന്ന 2001 ഏപ്രിലിൽ കമ്പോളത്തിൽ വരികയാണ്. നമ്മൾ വൈവിദ്ധ്യവല്ക്കരണ ഉല്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുമ്പോൾ അതേ ഉല്പ ന്നങ്ങൾ തന്നെയാണ് നമ്മുടെ മാർക്കറ്റിലേക്ക് വിദേശരാജ്യങ്ങളിൽ നിന്ന് വരുന്നത്. അവരോട് നമ്മുടെ രാജ്യത്തിന്റെ കമ്പോളത്തിൽ മത്സരിക്കാനായി ട്ടുള്ള സ്ഥിതിവിശേഷത്തെക്കുറിച്ചുകൂടി ആലോചിക്കേണ്ടതുണ്ട് എന്നുള്ള താണ് ഗവണ്മെന്റിന്റെ അഭിപ്രായം.

ശ്രീ. സി.എഫ്. തോമസ് : എന്റെ ചോദ്യം നമ്മുടെ ഗവണ്മെന്റ് ഇക്കാ ര്യത്തിൽ എന്തു തുക ചെലവഴിച്ചു എന്നുള്ളതാണ്. അതിന് മറുപടി തന്നില്ല. ഇതുവരെയായി ഈ കൃഷികളെ രക്ഷിക്കാൻ വേണ്ടി എന്തു തുക ചെലവഴി ച്ചിട്ടുണ്ട്. അതാണ് ചോദ്യം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അതിന് പ്രത്യേക നോട്ടീസ് വേണം. ശ്രീ. സി.എഫ്. ഇപ്പോൾ ഫ്ളോറിൽ ചോദിച്ച നിലയ്ക്ക് ഇതിനു വേണ്ടിവന്ന ചെലവ് എത്രയാണെന്നുള്ളത് കൃത്യമായി രേഖാമൂലം അദ്ദേ ഹത്തെ അറിയിക്കുന്നതാണ്.

ശ്രീ. സി.എഫ്. തോമസ് : നമ്മുടെ കാർഷികോല്പന്നങ്ങളെ രക്ഷി ക്കാൻ വേണ്ടി-മറ്റു സംസ്ഥാനങ്ങളെ രക്ഷിക്കാൻ വേണ്ടി മറ്റ് സംസ്ഥാനങ്ങ ളിൽ ചെയ്യുന്നതു പോലെ ഈ കാർഷികോല്പന്നങ്ങൾ അടിസ്ഥാനമാക്കി യുള്ള വ്യവസായങ്ങളെക്കുറിച്ച് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന അന്നു മുതൽ പറയാൻ തുടങ്ങിയതാണ്; കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ഇവിടെ ആരംഭിക്കുമെന്ന്. വിവിധതരം കാർഷികോല്പന്നങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായങ്ങൾ നമ്മുടെ സ്റ്റേറ്റിൽ ആരംഭിക്കുമെന്നു പറഞ്ഞതിന് എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ? എന്തൊക്കെ വ്യവസായങ്ങൾ ഈ കാർഷികോല്പന്നങ്ങളുപയോഗിച്ച് നമ്മുടെ സംസ്ഥാനത്ത് തുടങ്ങാൻ സാധി ച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 1800 കോടി രൂപ ചെലവു ചെയ്ത് റബ്കോ എട്ട് റബ്ബറധിഷ്ഠിത യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചു. അതിന്റെ ഫലമായി റബ്ബറിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ ഒരു നല്ല പങ്ക് ഈ വ്യവസായ യൂണിറ്റുകൾ ഇന്ന് വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി ഉപയോഗിച്ചുവരികയാണ്. ഇനിയും റബ്ബറധിഷ്ഠിത വ്യവസായ യൂണി റ്റുകൾ കൂടുതൽ കേരളത്തിൽ സ്ഥാപിക്കണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ അഭിപ്രായം. സഹകരണമേഖലയിലും സ്വകാര്യ മേഖലയിലും പൊതുമേഖല യിലും അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : കുളിപ്പിച്ചു കുളിപ്പിച്ചു കൊച്ചില്ല എന്നു വന്നതു പോലെയാണ്: എത്ര നടപടികളെടുത്തിട്ടും കാർഷികോല്പന്നങ്ങളുടെ വില കീഴോട്ടു പോകുകയാണ്. അതുകൊണ്ട് എനിക്ക് ഒരു ചോദ്യം അങ്ങയോട് ചോദിക്കാനുള്ളത് റബ്ബറിന്റെ ബെഞ്ച് മാർക്ക് പ്രൈസ് 34.05 രൂപയാണ്. ബെഞ്ച് മാർക്ക് പ്രൈസ് വയ്ക്കുന്നതിന്റെ ഉദ്ദേശ്യം തന്നെ ആ വിലയെങ്കിലും കൃഷിക്കാർക്ക് അഷ്വേർഡ് ആകണമെന്നുള്ളതാണ്. മാർക്കറ്റിൽ കെട്ടിക്കിടക്കുന്ന മിച്ച റബ്ബറിൽ നിന്ന് 50,000 ടൺ റബ്ബറെങ്കിലും ബെഞ്ച് മാർക്ക് പ്രൈസിന് വാങ്ങാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ശ്രീ. കെ.എം. മാണിയുടെ ആദ്യ ചോദ്യത്തിന്റെ ആദ്യഭാഗം അദ്ദേഹത്തിന്റെ പാലാഴിയെക്കുറിച്ചു തന്നെയാണ്. രണ്ടാമത്തെ ഭാഗം, കേന്ദ്ര ഗവണ്മെന്റ് ബെഞ്ച് മാർക്ക് പ്രൈസ് പ്രഖ്യാപിച്ചാൽ ആ ബെഞ്ച് മാർക്ക് പ്രൈസിനേക്കാൾ താഴെയാണ് കമ്പോളവിലയെങ്കിൽ കേന്ദ്ര ഗവണ്മെന്റ് ഏജൻസിയാണ് പ്രധാനമായും റബ്ബർ ശേഖരിക്കേണ്ടത്. ചില റബ്ബർ കൃഷിക്കാർ കോടതിയെ സമീപിച്ചതിനെത്തുടർന്ന് റബ്ബറിന് മാർക്കറ്റ് വിലയുമായും ഉല്പാദനച്ചെലവുമായും ബന്ധപ്പെടുത്തി മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കണമെന്ന് ബഹു. സുപ്രീംകോടതിയുടെ വിധി നടപ്പിലാക്കാൻ കേന്ദ്ര ഗവണ്മെന്റ് തയ്യാറല്ല. അവർ റിവിഷൻ പെറ്റീഷനുമായി പോകുകയാണ്. റബ്ബറിനെ കാർഷികോല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി, ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തിക്കൊണ്ട് മിനിമം സപ്പോർട്ട് പ്രൈസ് കേന്ദ്രഗവണ്മെന്റ് പ്രഖ്യാപിക്കണമെന്നും മാർക്കറ്റ് വിലയേക്കാൾ താഴെയാണെങ്കിൽ മിനിമം സപ്പോർട്ട് പ്രൈസ് കർഷകന് കിട്ടത്തക്കവിധത്തിൽ കൃഷിക്കാരിൽ നിന്നും റബ്ബർ ശേഖരിക്കണമെന്നുമാണ് കേരള ഗവണ്മെന്റിന്റെ അഭിപ്രായം. ആ വിവരം കേന്ദ്ര ഗവണ്മെന്റിനെ പല പ്രാവശ്യം അറിയിച്ചിട്ടുണ്ട്. അതിനുവേണ്ടി കേരള ഗവണ്മെന്റ് സമ്മർദ്ദം ചെലുത്തിവരികയാണ്.

ശ്രീ. കെ.എം. മാണി : മഹാരാഷ്ട്രാ ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റ് നിശ്ചയിച്ച താങ്ങുവിലയേക്കാൾ കൂടുതൽ വിലയ്ക്ക് നഷ്ടം സഹിച്ചുകൊണ്ട് പരുത്തി സംഭരിക്കുന്നുവെങ്കിൽ കേരളത്തിലെ റബ്ബർ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി താങ്ങുവില നൽകി റബ്ബർ സംഭരിക്കാനും ആ നഷ്ടം സഹിക്കാനും കേരള ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ദ്രോഹങ്ങൾ കർഷകരുടെ തലയിൽ കെട്ടിവയ്ക്കുന്ന കേന്ദ്ര ഗവണ്മെന്റിനെ തലോടുന്ന സമീപനമാണ് ശ്രീ. കെ. എം. മാണി സ്വീകരിക്കുന്നത്. കേരളത്തിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് റബ്ബർ കർഷകരെ സഹായിക്കുന്നതിന് പരമാവധി സഹായങ്ങൾ സംസ്ഥാന ഗവണ്മെന്റ് നഷ്ടം സഹിച്ചും ചെയ്തിട്ടുണ്ട്. പതിനയ്യായിരം മെട്രിക് ടൺ റബ്ബർ കയറ്റി അയയ്ക്കുമ്പോൾ പത്തുകോടിയിലധികം രൂപയുടെ നഷ്ടമാണ് സംസ്ഥാന ഗവണ്മെന്റിന് ഉണ്ടാകുന്നത്. പതിനയ്യായിരം ടൺ റബ്ബർ കയറ്റി അയയ്ക്കാൻ ഗവണ്മെന്റ് തീരുമാനിച്ചത് കയറ്റി അയച്ചിരിക്കും.

ശ്രീ. മാമ്മൻ മത്തായി : നാളികേരത്തിന്റെ വിലയിടിവു നേരിടുന്നതിനായി പച്ചത്തേങ്ങയുടെ സംഭരണം ആരംഭിച്ചതായി ബഹു. മന്ത്രി ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. എവിടെയൊക്കെയാണ് പച്ചത്തേങ്ങയുടെ സംഭരണം നടന്നത്, എത്ര തേങ്ങ സംഭരിച്ചു; ഏത് ഏജൻസിയെയാണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പ്രധാനമായും വടക്കൻ ജില്ലകളിലാണ് പച്ചത്തേങ്ങ സംഭരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുള്ളത്. പച്ച

തേങ്ങയായും ഉടച്ച തേങ്ങയായും രണ്ടു രീതിയിലുമുള്ള തേങ്ങ 49 സഹകരണ സംഘങ്ങളിലൂടെ ശേഖരിക്കാൻ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമാവധി സഹകരണസംഘങ്ങളെക്കൊണ്ട് പച്ചത്തേങ്ങ സംഭരിക്കാനുള്ള നടപടി സ്വീകരിക്കാൻ സഹകരണ വകുപ്പും കൃഷിവകുപ്പും ശ്രമങ്ങൾ തുടരുന്നതാണ്.

ശ്രീ. മാമ്മൻ മത്തായി : മദ്ധ്യതിരുവിതാംകൂറിൽ ഇങ്ങനെയൊരു സംഭരണം നടന്നതായി ഇതുവരെ കൃഷിക്കാർ അറിഞ്ഞിട്ടില്ല. നാളികേരക്കൃഷിക്കാരുടെ പ്രയോജനത്തിനുവേണ്ടി മദ്ധ്യതിരുവിതാംകൂറിലെ സൊസൈറ്റികളെക്കൊണ്ട് പച്ചത്തേങ്ങ എടുപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അദ്ദേഹവും സുഹൃത്തുക്കളും കൂടി നേതൃത്വം കൊടുക്കുന്ന പല സംഘങ്ങളും മദ്ധ്യതിരുവിതാംകൂറിലുണ്ട്. അദ്ദേഹം കൂടി സുഹൃത്തുക്കളെ പ്രേരിപ്പിച്ച് പച്ചത്തേങ്ങ ശേഖരിക്കുവാൻ സന്നദ്ധമാവുകയാണെങ്കിൽ ഗവണ്മെന്റ് എല്ലാ സഹായവും ചെയ്യാൻ തയ്യാറാണ്.

മി. സ്പീക്കർ : ചോദ്യം 62 നെക്കുറിച്ച് ശ്രീ. ടി.എം. ജേക്കബ് ചോദിച്ച ഒരു കാര്യം ചെയർ പരിശോധിക്കാമെന്നു പറഞ്ഞിരുന്നു. ആ ചോദ്യത്തിന് നാലു പിരിവുകളാണ് ചോദിച്ചിരിക്കുന്നത്. ആ ചോദ്യം ഒരു വാക്കുപോലും ഭേദഗതി ചെയ്യാതെ മന്ത്രിക്ക് അയച്ചുകൊടുത്തു. അതാണ് അദ്ദേഹം ആൻസർ ചെയ്തത്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം വന്നിട്ടുണ്ട്. വേണമെങ്കിൽ അദ്ദേഹത്തിന് പരിശോധിക്കാം.

ശ്രീ. സത്യൻ മൊകേരി : നാളികേരത്തിന്റെ ഉല്പാദനം ശരാശരി 30-35 ആണ്. ഇതിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സംസ്ഥാന ഗവണ്മെന്റ് സഹായം ചെയ്യുന്നതോടൊപ്പം കേന്ദ്ര ഗവണ്മെന്റിൽനിന്നും പരമാവധി സഹായങ്ങൾ നേടിയെടുക്കാൻ ഒരു പദ്ധതി കേന്ദ്രത്തിൽ നിന്നും അനുവദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : തെങ്ങുകൃഷിക്ക് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും അതിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുതിനുമായി 700 കോടി രൂപയുടെ ഒരു പദ്ധതി സംസ്ഥാന ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. പലപ്രാവശ്യം അതിന്മേലുള്ള ചർച്ചകൾ കേന്ദ്രഗവൺമെന്റുമായി നടത്തിയിട്ടുമുണ്ട്. അതിന് അംഗീകാരം കിട്ടുന്നതിനുവേണ്ടി സംസ്ഥാനഗവണ്മെന്റ് വീണ്ടും വീണ്ടും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ.വി. അബ്ദുറഹ്മാൻ ഹാജി : ഞാനൊരു കൃഷിക്കാരനാണ്. ഇവിടെ കണക്കുകൾ ഉദ്ധരിച്ചൊക്കെ കാര്യങ്ങൾ പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്റെ അനുഭവത്തിൽ ഈ പറയുന്നതൊന്നും ആ പരിസരത്തൊന്നും നടന്നിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അത് അംഗീകരിച്ചുകൊണ്ട് ഈ സിസ്റ്റം ഫലപ്രദമാക്കാൻ ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സംസ്ഥാന ഗവണ്മെന്റ് പ്രാവർത്തികമാക്കുന്നതിന്റെ നേട്ടങ്ങൾ കൃഷിക്കാർക്ക് യഥാസമയം ലഭിക്കുന്നുണ്ട്. അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുമോയെന്നുള്ളതിനെ സംബന്ധിച്ച് ഗവണ്മെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആലോചിക്കാനും തയ്യാറാണ്.

ശ്രീ. എം.വി. ജയരാജൻ : സർ, 'മഹാരാഷ്ട്ര ഗവണ്മെന്റ് പരുത്തിക്കൃഷിക്ക് അധിക വില കൊടുക്കുകയും കേന്ദ്ര ഗവണ്മെന്റ് പരുത്തി, പഞ്ഞി മുത

LIBRARY ARCHIVES Kerala Legislative Assembly

ലായവ മില്ലുകൾക്ക് വില കുറച്ച് കൊടുക്കുകയും ചെയ്യും. സബ്സിഡി ഗവ ണ്മെന്റ് വഹിക്കുന്നു'. എന്ന രൂപത്തിലാണ് ബഹുമാനപ്പെട്ട പാലാ മെമ്പർ ഇവിടെ പറഞ്ഞത്. ഇപ്പോൾ മാത്രം ഒരു ലോഡ് പരുത്തി മില്ലുകൾക്ക് കൊടു ക്കുന്നത് ആറു ലക്ഷം രൂപ അധികവില ഈടാക്കിക്കൊണ്ടാണ്. അദ്ദേഹം പറ ഞ്ഞത് വസ്തുതാപരമായി ശരിയല്ല. ആ നടപടി മഹാരാഷ്ട്ര ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ പരുത്തി, പഞ്ഞി, കരിമ്പ്, മുതലായവ കൃഷിചെയ്യുന്ന കൃഷിക്കാരെ ആത്മഹത്യയിലേക്കാണ് നയിക്കുന്നതെന്ന വിവരം അറി യാമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. മഹാരാഷ്ട്ര ഗവണ്മെന്റിന്റെ പ്രവത്തനങ്ങളെ സംബന്ധിച്ച് വളരെ വിശദമായി നമുക്കറിയാം. അവിടുത്തെ പഞ്ഞിക്കൃഷിക്കാർ അനുഭവി ക്കുന്ന പ്രയാസങ്ങൾ കേരള ഗവണ്മെന്റിന് വളരെ വ്യക്തമായി അറിയാം. ശ്രീ. കെ.എം. മാണി ഈ സഭയെ പതിവുപോലെ തെറ്റിദ്ധരിപ്പിക്കാൻ ഒരു പ്രസ്താ വന നടത്തിയതാണ്.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കേന്ദ്ര ഗവ ന്റിൽ പല കാര്യങ്ങൾക്കും സമ്മർദ്ദം ചെലുത്തിവരുന്നു എന്നു പറഞ്ഞു. ഈ വിഷയത്തിൽ ഏതെങ്കിലുമൊരു കാര്യം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഈ ഗവണ്മെന്റിന്റെ കീഴിൽ പല കാര്യങ്ങളും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ പട്ടിക ഇപ്പോൾ എന്റെ കയ്യിൽ ഇല്ല. പല കാര്യങ്ങളും നടന്നിട്ടുണ്ട്. പല കാര്യങ്ങൾക്കും കേന്ദ്രഗവണ്മെന്റിൽ പ്രോജക്ടുകൾ സമർപ്പിച്ച് അംഗീകാരം കിട്ടാൻ ശ്രമങ്ങൾ നടത്തുകയാണ്.

<u>ശ്രീ. പി.സി. ജോർജ്</u> : ശ്രീ. നരസിംഹറാവു തുടങ്ങിയതും ഇപ്പോ ഴത്തെ ഗവൺമെന്റ് തുടരുന്നതുമായ സാമ്പത്തിക നയങ്ങളാണ് ഇൻഡ്യയിലെ കർഷകരെയും കേരളത്തിലെ കാർഷികമേഖലയേയും തകർത്തത് എന്ന സത്യം നമുക്കെല്ലാവർക്കും അറിയാം. ഈ സാമ്പത്തിക നയത്തിൽനിന്നും മാറാൻ പാടില്ലെന്ന വിധത്തിലാണ് പ്രണാബ് മുഖർജി എ.ഐ.സി.സി.-യിൽ സാമ്പത്തികരേഖ സമർപ്പിച്ചിരിക്കുന്നത്. ബഹു. സോണിയാഗാന്ധിയും സാമ്പ ത്തികനയം ഇതേ രീതിയിൽ തുടരണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇൻഡ്യ യിലെ ഭരണകക്ഷിയും പ്രതിപക്ഷനേതാവിന്റെ കക്ഷിയും ഒരേനയം സ്വീകരി ച്ചുകൊണ്ട് രാജ്യത്തെ പാവപ്പെട്ട കർഷകരെ മുഴുവൻ കൊന്നു കൊലവിളി ക്കാൻ തീരുമാനമെടുത്തിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ പാവപ്പെട്ട കർഷകരെ സഹായിക്കാൻ ഈ ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കേന്ദ്ര ഗവൺമെന്റ് ഇൻഷ്വറൻസ് കമ്പനികളും ശ്രീമതി ഇന്ദിരാഗാന്ധി ദേശസാൽക്കരിച്ച ബാങ്കുകളും സ്വകാര്യ വൽക്കരിക്കുന്നതിനെ പാർലമെന്റിനകത്തും പുറത്തും കോൺഗ്രസ്സ് (ഐ) പിന്തുണച്ചുകൊണ്ടിരിക്കുകയാണ്. ഈ സമീപനത്തിന് മാറ്റമുണ്ടായാലേ രാജ്യത്തിന് രക്ഷയുള്ളൂ.

<u>ശ്രീ. അടൂർ പ്രകാശ്</u> : റബ്ബർക്കർഷകരെ സഹായിക്കുന്നതിനുവേണ്ടി 50 പൈസ അധികമായി കൊടുത്ത് റബ്ബർ സംഭരിക്കുന്നതിനുവേണ്ടി ചില

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പറയുകയുണ്ടായി. എന്നാൽ ഇത്തരം ഏജൻസികൾ ചെറുകിട റബ്ബർക്കർഷകരുടെ കയ്യിൽ നിന്നും റബ്ബർ സംഭരിക്കുന്നില്ല. പകരം വൻകിട കച്ചവടക്കാരുമായി രഹസ്യധാരണയുണ്ടാക്കി ചെറുകിട കച്ചവടക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന അവസ്ഥ സംസ്ഥാനത്തുണ്ട്. ഇതവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : റബ്ബർ ശേഖരിക്കാനായിട്ട് പ്രധാനമായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളിൽ ഒന്ന് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനാണ്. ബഹു. മെമ്പറുടെ രാഷ്ട്രീയകക്ഷിയാണ് അവിടെ നേതൃത്വം നൽകുന്നത്. ഇങ്ങനെയുള്ള ഏജൻസികൾ ചെറുകിട കർഷകരുടെ പക്കൽനിന്നും റബ്ബർ സംഭരിക്കുന്നില്ല എന്ന മെമ്പറുടെ ആക്ഷേപം ഗൗരവമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എ.കെ. ആന്റണി</u> : 1969-ൽ ശ്രീമതി ഇന്ദിരാഗാന്ധി ദേശസാൽക്കരിച്ച ബാങ്കുകൾ വീണ്ടും സ്വകാര്യവൽക്കരിക്കാനുള്ള ഇപ്പോഴത്തെ നീക്കത്തെ കോൺഗ്രസ് ശക്തമായി എതിർക്കുകയും പാർലമെന്റിനകത്ത് ഈ നിയമത്തിനനുകൂലമായി വോട്ടുചെയ്യുകയില്ലെന്ന് പരസ്യമായ നിലപാട് സ്വീകരിക്കുകയും ചെയ്തശേഷം ബഹു. മന്ത്രി ഈ സഭയിൽ സത്യവിരുദ്ധമായി സംസാരിക്കുന്നത് ഓർഡറിലാണോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ബഹു. പ്രതിപക്ഷനേതാവ് ഓർമ്മപ്പെടുത്തിയത് നന്നായി. നമ്മുടെ രാജ്യത്തെ ഇൻഷ്വറൻസ് സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചതിനെത്തുടർന്ന് ഏഴായിരം രൂപയ്ക്ക് താഴെ വരുമാനമുള്ളവർക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ (കുടിലുകൾ കത്തിപ്പോകുന്നവർക്കും അപകടമരണം സംഭവിക്കുന്നവർക്കും നൽകിവരുന്ന 6000 രൂപയുടെ ധനസഹായം) നവംബർ ഒന്നുമുതൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുന്നു. പ്രതിപക്ഷനേതാവിന്റെ പാർട്ടിയുടെ പിന്തുണയോടുകൂടിയാണ് ഇതു നടപ്പാക്കിയത്.

<u>ശ്രീ. എ.കെ. ആന്റണി</u> : 1969-ൽ ശ്രീമതി ഇന്ദിരാഗാന്ധി ദേശസാൽക്കരിച്ച ബാങ്കുകൾ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതിനെ എതിർക്കുകയും ലോക്സഭയിൽ ബിൽ വന്നപ്പോൾ അതിനെ പരസ്യമായി എതിർക്കുകയും ചെയ്ത കോൺഗ്രസ്സ് നിലപാടിനെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ബഹു. മന്ത്രി സംസാരിക്കുന്നത് ശരിയാണോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇൻഷ്വറൻസ് കമ്പനികൾ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ബിൽ രാജ്യസഭയിൽ വന്നപ്പോൾ കോൺഗ്രസ്സ് (ഐ) അംഗങ്ങൾ അതിനനുകൂലമായി കൈപൊക്കിയതുകൊണ്ടാണ് ആ ബിൽ പാസ്സാക്കിയത്. അല്ലെങ്കിൽ ആ ബിൽ പാസ്സാകില്ല.

<u>മി. സ്പീക്കർ</u> : അതല്ല ചോദ്യം ..... (ബഹളം)

<u>ശ്രീ. എ.കെ. ആന്റണി</u> : എന്റെ ചോദ്യം 1969-ൽ ശ്രീമതി ഇന്ദിരാഗാന്ധി ദേശസാൽക്കരിച്ച ബാങ്കുകൾ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതിനെ എതിർക്കുകയും ലോക്സഭയിൽ ബിൽ വന്നപ്പോൾ അതിനെ പരസ്യമായി എതിർക്കുകയും ചെയ്ത കോൺഗ്രസ്സ് നിലപാടിനെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ബഹു. മന്ത്രി സംസാരിക്കുന്നത് ശരിയാണോ എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇൻഷ്വറൻസ് കമ്പനികൾ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ബിൽ രാജ്യസഭയിൽ വന്നപ്പോൾ .....

മി. സ്പീക്കർ : രണ്ടുപേരും ഇങ്ങനെ പറഞ്ഞാൽ ഒക്കില്ലല്ലോ. ചോദ്യം ബാങ്കിനെക്കുറിച്ചും ഉത്തരം ഇൻഷ്വറൻസിനെക്കുറിച്ചുമാണ്.

ശ്രീ. എ.കെ. ആന്റണി : ഈ സഭയിലെ ഒരു മന്ത്രിയാണദ്ദേഹം. ഇങ്ങനെ അടിസ്ഥാനരഹിതമായ നിരുത്തരവാദപരമായ പ്രസ്താവന നടത്താമോ? ഇത് ഒളിച്ചോട്ടമാണ്. മന്ത്രിക്ക് എന്തും പറയാമെന്നാണോ? (ബഹളം)

കാർഷികാദായ നികുതി

4 (*63) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലയിടിവ് നേരിടുന്ന കാർഷികോൽപ്പന്നങ്ങളായ റബ്ബർ, കൊപ്ര, വെളിച്ചെണ്ണ, കാപ്പി, തേയില എന്നിവയ്ക്ക് കാർഷികാദായ നികുതി ഇനത്തിൽ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പുതുതായി എന്തെല്ലാം ഇളവുകൾ നൽകുവാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) ഉണ്ട്.

(ബി) ഇരുപതു ഹെക്ടർ വരെയുള്ള റബ്ബർക്കർഷകരേയും കാപ്പിക്കർഷകരേയും 2000-2001-ലെ (അക്കൗണ്ടിംഗ് വർഷം) കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അഞ്ചു ഹെക്ടർ വരെ കൃഷിഭൂമിയുള്ള എല്ലാ കർഷകരേയും (പ്ലാന്റേഷൻ ഉൾപ്പെടെ) കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ആവശ്യമെന്നു കണ്ടാൽ കൂടുതൽ ഇളവുകൾ പരിഗണിക്കുന്നതാണ്.

ശ്രീ. സി.എൻ. ജയദേവൻ : കോഫിയുടെ വിലയിടിവ് കണക്കിലെടുത്ത്, അതിൻമേൽ ഏർപ്പെടുത്തിയിട്ടുള്ള വിൽപ്പനനികുതി കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : കോഫിയുടെ വിൽപ്പന നികുതി 8 ശതമാനത്തിൽനിന്നും ഒരു ശതമാനമാക്കി കുറച്ചിട്ടുണ്ട്.

ശ്രീ. സി.എൻ. ജയദേവൻ : അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്ന കാർഷികോൽപന്നങ്ങൾക്കുള്ള പ്രവേശന നികുതിയിൽ ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : കോഫിയുടേയും ചായയുടേയും അന്തർസംസ്ഥാന സെയിലുകളുടെ ടാക്സ് എടുത്തു കളഞ്ഞിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

ചോദ്യം 3 (*66) കാണുക

ആഭ്യന്തര വിപണി വില (രൂപയിൽ)

2000

ഇനം	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം	ഒക്ടോ.	നവം.
റബ്ബർ (കി.)	3253	3252	3201	3125	3066	2916
വെളിച്ചെണ്ണ (കി)	3224	3068	3180	2999	2848	2962
കുരുമുളക് (കിലോ)	213	203	203	174	163	146
ഏലം (കിലോ)	465	369	598	606	519	510
അടയ്ക്ക (കി) നെടുമങ്ങാട്	5014	7031	6229	4023	3395	2553
തേയില	-	-	-	-	-	-
കാപ്പി (കി)	3466	3594	3650	3744	3674	3370

അന്താരാഷ്ട്ര വിപണി വില (രൂപയിൽ)

2000

ഇനം	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം	ഒക്ടോ.	നവം.
റബ്ബർ ഗ്രേഡ്-4 (കി.)	2898	2722	2916	2821	2901	2861
വെളിച്ചെണ്ണ (കി)	1530	1508	1485	1429	1433	1508
കുരുമുളക് (കിലോ)	252	259	254	205	180	-
ഏലം (കിലോ)	670	670	685	772	786	-
അടയ്ക്ക	ലഭിച്ചിട്ടില്ല					
തേയില						
കാപ്പി						

അനുബന്ധം II

ചോദ്യം 21 (*81) കാണുക

1. കുട്ടനാട് (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട), പാലക്കാട്, തൃശൂർ മേഖലകളിൽ വിളവെടുപ്പുക്കാലത്ത് നെല്ല് സംഭരണ-സംസ്ക്കരണ-വിപണന പ്രക്രിയകളിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന സഹകരണസംഘങ്ങളും റൈസ് മില്ലുകളും വെയർഹൗസിംഗ് കോർപ്പറേഷനും സമ്മതം മുൻകൂട്ടി അതാതു പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർമാരെ അറിയിക്കേണ്ടതാണ്.

2. അതത് പ്രദേശത്തെ കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്യുന്ന നെൽക്കൃഷിക്കാരിൽ നിന്ന് മാത്രമേ നെല്ല് സംഭരിക്കുവാൻ പാടുള്ളൂ.

3. കർഷക സഹകരണസംഘങ്ങൾ, സഹകരണ റൈസ്മില്ലുകൾ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വെള്ള അരിയുടെ നെല്ല് ക്വിന്റലിന് 750 രൂപ നിരക്കിലും മട്ട അരിയുടെ നെല്ല് ക്വിന്റലിന്

LIBRARY ARCHIVES Kerala Legislative Assembly